(സി) ഫാറസ്റ്റിനു ദോഷംവരാത്ത നിലയിൽ കാലാകാലമായി തുടർന്നു വന്ന ഈ ആവശ്യം അനുവദിച്ചുകൊടുക്കുന്ന കാര്യം പരിശോധിക്കാമോ ;

(ഡി) വടക്കേവയനാട്ടിൽ അങ്ങിനെ എത്ര കന്നുകാലികൾക്ക് മേയുന്നതിനു് ഫാറസ്റ്റു് അധികൃതർ പാസുകൊടുക്കാറുണ്ടായിരുന്നോ, അതുവഴി പ്രതിവർഷം എത്ര സംഖ്യ കിട്ടാറുണ്ടു് ?

ഉത്തരം

(എ) വയനാട്ടിലെ റിസർവുവനങ്ങൾക്കു തൊട്ടടുത്തുതാമസിക്കുന്ന കൃഷിക്കാരുടെ കന്നുകാലികൾക്കു് മേയാൻവേണ്ടി പാസുകൊടുത്തുവന്ന സമ്പ്രദായം ഇപ്പോഴും തുടരുന്നുണ്ടു്.

(ബി) കിട്ടിയിട്ടില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) വടക്കേവയനാട്ടിൽ കഴിഞ്ഞകൊല്ലം 2652 പശുക്കളും 822 എരുമകളും മേയുന്നതിനു് പാസുകൾ കൊടുത്തിട്ടുണ്ടു്. ഈ ഇനത്തിൽ 1074 രൂപ കിട്ടിയിട്ടുണ്ടു്.

തീരവാസികൾക്കു് പതിച്ചുകൊടുക്കുന്ന പുറമ്പോക്കു സ്ഥലം

241. [12] ശ്രീ. കെ. മമായ്ദീൻകുട്ടി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാവക്കാട് താലൂക്കു് കടപ്പുറം അംശത്തിൽ തീരപ്രദേശത്തു കിടക്കുന്ന പുറമ്പോക്കുസ്ഥലം 1963 ഡിസംബർ 31-ാം തീയതിവരെ എത്ര പേർക്കു് എത്രയെത്ര സ്ഥലംവീതം പതിച്ചുകൊടുത്തിട്ടുണ്ടു് ;

(ബി) അതിന്റെ ഒരു ലിസ്റ്റു് മേശപ്പുറത്തുവയ്ക്കുവാൻ ദയവുണ്ടാകുമോ :

(സി) തീരവാസികളായ അനേകംപേർ ഉണ്ടായിരിക്കെ മറ്റു സ്ഥലങ്ങളിലുള്ള ഹരിജനങ്ങൾക്കു് സ്ഥലം പതിച്ചുകൊടുക്കുകയാണെന്നും തീരവാസികൾക്കു് പതിച്ചുകിട്ടുന്നില്ലെന്നും വല്ല പരാതിയും ഗവണ്മെന്റിനു് ലഭിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത സ്ഥലവാസികളും ഭൂരഹിതരുമായ തീരവാസികൾക്കു് തന്നെ അവിടത്തെ പുറമ്പോക്കുസ്ഥലം പതിച്ചുകൊടുക്കുവാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) ആകെ 266 പേർക്കു് 87.08 ഏക്കർ സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ടു്. അതിൽ ഓരോരുത്തർക്കും 18 സെന്റു മുതൽ 50 സെന്റുവരെ കിട്ടിയവർ ഉണ്ടു്. ഓരോരുത്തർക്കും അനുവദിച്ചതിന്റെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റിൽ കാണിച്ചിട്ടുണ്ടു്. *

(ബി) ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

(സി) പരാതികളൊന്നും കിട്ടിയിട്ടില്ല.

(ഡി) സമയത്തിനുള്ളിൽ ശരിയായ ഫാറത്തിൽ അപേക്ഷ കൊടുത്തിട്ടുള്ള അർഹരായവർക്കു് സ്ഥലം പതിച്ചുകൊടുക്കേണ്ടകാര്യം പരിഗണിക്കുന്നതാണു്.

* Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly